The Heavenly Light Ministry

വരുവിൻ ഈ നല്ല സമയം
വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചിടുന്നു

വാഴ്‌വിൻ നാളെല്ലാം വിൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ
വന്നുടൻ പാദം തേടിടുകിൽ
വിണ്ണതിൽ നിന്നെ ചേർത്തിടുമേ — വരുവിൻ

കെട്ടിയ വീടും നിലം പൊരുളും
കണ്ടിടും ഉറ്റോർ ഉടയവരും
കൂടുവിട്ടു നിൻ ജീവൻ പോയാൽ
കൂടെ വരാതെ വേർപെടുമേ — വരുവിൻ

ഉലകം മായ അഴകുസമം
അതു നമ്പാതെ മയക്കും നിന്നെ
മരണം ഒരുനാൾ വന്നീടുമേ
മറക്കാതെ നിൻ രക്ഷകനെ — വരുവിൻ

വാനത്തിൻ കീഴെ ഭൂമിമീതെ
വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകനേശു താൻ വഴിയേ — വരുവിൻ

തീരാത്ത പാപം വ്യാധിയേയും
മാറാത്ത എല്ലാ ബലഹീനവും
ഘോരകുരിശിൻ ചുമന്നു നിന്നെ
സൗഖ്യമാക്കി തന്നടിപ്പിണരാൽ — വരുവിൻ

സത്യവചനം കേട്ടു നീ വാ
നിത്യജീവൻ നിനക്കേകിടുമേ
നിൻപേരും ജീവ പുസ്തകത്തിൽ
ഉണ്മയായ് ഇന്നു എഴുതിടുമേ — വരുവിൻ